ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം രൂപീകരിക്കാനും നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള കരട് ഭേദഗതി തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പീലിംഗ് തൊഴിലാളികളുടെ സമരം

243 (2798) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീലിംഗ് തൊഴിലാളികളുടെ സമരം ഒത്തുതീർക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നടന്ന ചർച്ചയുടെ മിനിറ്റ്സ് ലഭ്യമാക്കാമോ ;

(ബി) എന്തൊക്കെ തീരുമാനങ്ങളാണ് പ്രസ്തുത ചർച്ചയിൽ എടുത്തത് ; ഇതിൽ എന്തൊക്കെ നടപ്പിലാക്കി ; നടപ്പിലാക്കാത്ത തീരുമാനങ്ങൾ എന്തുകൊണ്ട് നടപ്പിലാക്കിയിട്ടില്ലെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ചേർത്തല താലൂക്കിൽ അരൂർ മേഖലയിലെ പീലിംഗ് ഷെഡ്ഡുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഒരു കിലോ ചെമ്മീൻ പൊളിക്കുന്നതിന് 14 രൂപ നിരക്കിൽ കൂലി പുതുക്കി നിശ്ചയിച്ചു മേഖലയിലെ മറ്റ് തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് രണ്ടാഴ്ചയ്ക്കകം ചർച്ച നടത്തുന്നതാണ് എന്നിവയാണ് തീരുമാനങ്ങൾ. മേൽപ്പറഞ്ഞ രണ്ട് തീരുമാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ

244 (2799) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly